# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 21

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2020 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.പി.എഡ്.(റഗുലർ 2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ നാലു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/827/2020)

## പ്രവാസി തൊഴിൽ നഷ്ടവും കേരളം നേരിടുന്ന വെല്ലുവിളികളും; പ്രത്യേക പ്രഭാഷണം 25ന്

ഗൾഫ് രാജ്യങ്ങളിലെ പ്രവാസി തൊഴിൽ നഷ്ടവും കേരളം നേരിടുന്ന വെല്ലുവിളികളും എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സ്കൂൾ ഓഫ് ഇന്റർനാഷണൽ

റിലേഷൻസ് ആൻഡ് പൊളിറ്റിക്സും ഇന്ത്യൻ പ്രവാസപഠന കേന്ദ്രവും സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രത്യേക പ്രഭാഷണം ഓഗസ്റ്റ് 25ന് നടക്കും. വൈകിട്ട് ഏഴിന് ഗൂഗിൾ മീറ്റിലൂടെ നടക്കുന്ന പ്രഭാഷണ പരിപാടിയിൽ മുൻ അംബാസിഡർ കെ.പി. ഫാബിയാൻ മുഖ്യപ്രഭാഷണം നടത്തും. https://meet.google.com/zua-bwxf-cid എന്ന ലിങ്കിലൂടെ വൈകിട്ട് 6.45ന് പരിപാടിയിൽ ഓൺലൈനായി പങ്കെടുക്കാം.

(പി.ആർ.ഒ/39/828/2020)

## യു.ജി.സി. നെറ്റ് മാതൃക പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാനവിക വിഷയങ്ങളിൽ യു.ജി.സി. നെറ്റ്/ജെ.ആർ.എഫ്. പരീക്ഷ എഴുതുന്നവർക്കായി ജനറൽ പേപ്പറിന് ഓൺലൈൻ മാതൃക പരീക്ഷകൾ നടത്തുന്നു. താൽപര്യമുള്ളവർ സെപ്റ്റംബർ ഒമ്പതിനകം 0481 2731025 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പി.ആർ.ഒ/39/829/2020)

## രജിസ്ട്രാറുടെ പേരിലും വ്യാജ ഇ-മെയിൽ സന്ദേശങ്ങൾ; പരാതി നൽകി

മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറിന്റെ പേരിൽ വ്യാജ ഇ-മെയിൽ സന്ദേശങ്ങൾ ജീവനക്കാർക്കും അധ്യാപകർക്കും ലഭിച്ചതിനെത്തുടർന്ന് പൊലീസിൽ പരാതി നൽകി. hod6321@gmail.com, professor080823@gmail.com എന്നീ വിലാസങ്ങളിൽനിന്നാണ് സഹായം ആവശ്യപ്പെട്ടും തിരികെ ഇ-മെയിലിൽ ബന്ധപ്പെടണമെന്നും ആവശ്യപ്പെട്ട് വ്യാജ ഇ-മെയിൽ സന്ദേശങ്ങൾ ലഭിച്ചത്.

ആശുപത്രിയിൽ കുടുങ്ങിക്കിടക്കുകയാണെന്നും ഓൺലൈനായി ചില സാധനങ്ങൾ വാങ്ങുന്നതിന് സഹായിക്കണമെന്നും പണം ഉടൻ തിരികെ നൽകാമെന്നും ആവശ്യപ്പെട്ടാണ് ഇ-മെയിൽ സന്ദേശങ്ങൾ ലഭിച്ചത്. മുമ്പ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗവും സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് ഡയറക്ടറുമായ പ്രൊഫ. നന്ദകുമാർ കളരിക്കൽ എന്നിവരുടെ പേരിലും വ്യാജ ഇ-മെയിൽ സന്ദേശങ്ങൾ പലർക്കും ലഭിച്ചിരുന്നു. ഇതുസംബന്ധിച്ച് പൊലീസിൽ പരാതി നൽകിയിരുന്നു. ഇത്തരം ഇ-മെയിൽ സന്ദേശങ്ങൾ ലഭിക്കുന്നവർ നിജസ്ഥിതി ഉറപ്പാക്കി മാത്രമേ പ്രതികരിക്കാവൂവെന്ന് രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ/39/830/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ